(ബി) വെള്ളനാട്, തളിക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കേരളാ മിഷൻ യഥാക്രമം 9.38 ലക്ഷം രൂപയും 18.78 ലക്ഷം രൂപയും ചെലവു ചെയ്തിട്ടുണ്ട്. പ്രസ്തുത തുകകളുടെ ഇനം തിരിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(സി) തളിക്കുളം ഗ്രാമപഞ്ചായത്ത് 2 ലക്ഷം രൂപയും വെള്ളനാട് ഗ്രാമപഞ്ചായത്ത് 4,56,096 രൂപയും ചെലവു ചെയ്തിട്ടുണ്ട്. തളിക്കുളം പഞ്ചായത്ത് പ്രോജക്ട് നടത്തിപ്പിനുവേണ്ടിയാണ് ഈ തുക പ്ളാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. വെള്ളനാട് ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടർ വൽക്കരണത്തിന് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ :		
(എ) ഫർണിച്ചർ വാങ്ങിയതിന്	..	1,74,349
(ബി) ഇലക്ട്രിക്കൽ സിവിൽ വർക്കുകൾക്ക് നികുതി ഉൾപ്പെടെ	..	1,06,747
2. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കൃത പഞ്ചായത്ത് പ്രഖ്യാപനം സംബന്ധിച്ച ചടങ്ങുകൾക്ക് ചെലവഴിച്ചത്	..	25,000
3. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി സാമൂഹിക സാമ്പത്തിക സർവ്വേ വിവരങ്ങൾ ക്രോഡീകരിച്ചതിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ച പദ്ധതി മുഖേന ചെലവഴിച്ചത്	..	1,50,000
ആകെ	..	**4,56,096**

ഗ്രാമീണതലത്തിൽ വായനാശീലം വർദ്ധിപ്പിക്കാൻ നടപടി

53 [1740] *ശ്രീ. കെ. പി. മോഹനൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണതലത്തിൽ വായനാശീലം വർദ്ധിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഗ്രന്ഥാലയങ്ങളെ പരിപോഷിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വായനയെ പ്രോത്സാഹിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗ്രന്ഥാലയങ്ങൾക്ക് ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഗ്രാമീണതലത്തിൽ ഗ്രന്ഥശാല സംഘം, ഗ്രാമപഞ്ചായത്തുകൾ, വിവിധ ആർട്സ് ക്ളബ്ബുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ലൈബ്രറികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇത്തരം ലൈബ്രറികളിൽ പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ഉണ്ട്. കൂടാതെ ഗ്രന്ഥശാലകളിൽ വർഷംതോറും വായനാ മത്സരം ഗ്രാമ-താലൂക്ക്-ജില്ലാ-സംസ്ഥാന തലങ്ങളിൽ നടത്തുന്നുണ്ട്.

(ബി) ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിനായി ലൈബ്രേറിയന്മാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഓണറേറിയം വ്യവസ്ഥയിലും ലൈബ്രേറിയനെ നിയോഗിച്ചിട്ടുണ്ട്. അംഗങ്ങൾക്ക് യഥാസമയം പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരള വികസന പദ്ധതി പ്രകാരം പദ്ധതി വിഹിതത്തിൽ പൊതു വിഭാഗം ഫണ്ടിന്റെ 10% വരെ ഗ്രാമപഞ്ചായത്തുകൾക്ക് ഗ്രന്ഥശാലകളുടെ വികസനത്തിന് വിനിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കെട്ടിട നികുതിയുടെ 5% തുക ലൈബ്രറി സെസ്സ് ആയി പിരിക്കുകയും ടി തുക ഗ്രന്ഥശാലാ സംഘം മുഖേന ഈ ആവശ്യത്തിന് വിനിയോഗിക്കുകയും ചെയ്യുന്നുണ്ട്.

(സി) ഗ്രന്ഥശാലാ സംഘത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഗ്രന്ഥശാലകൾക്കും ഇവയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾക്കും ഗ്രന്ഥശാലാ സംഘത്തിൽ നിന്നും രാജാറാം മോഹൻ റായ് ഫൗണ്ടേഷനിൽ നിന്നും പുസ്തകം വാങ്ങുന്നതിനും, ഫർണ്ണിച്ചർ നിർമ്മിക്കുന്നതിനും, പുതിയ കെട്ടിട നിർമ്മാണത്തിനും, നിലവിലുള്ള കെട്ടിടങ്ങളുടെ മെയിന്റനൻസിനും ഗ്രാന്റ് നൽകി വരുന്നുണ്ട്. ഡി.പി.ഇ.പി., എസ്.എസ്.എ. പാഠ്യപദ്ധതികൾ വന്നശേഷം ഗ്രാമീണ ഗ്രന്ഥശാലകൾ വളരെയധികം ശക്തി പ്രാപിച്ചിട്ടുണ്ട്.

ഫുട്പാത്തിലെ അനധികൃത കച്ചവടം നീക്കം ചെയ്യാൻ നടപടി

54 [1741] *ശ്രീ. പി. കെ. കെ. ബാവ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷന് മുന്നിൽനിന്ന് മണക്കാട് വരെയുള്ള ഫുട്പാത്തിൽ അനധികൃതമായി ചായ തട്ട് കടകളും കരിക്ക്

LIBRARY ARCHIVES Kerala Legislative Assembly